# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 2

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ റഗുലർ/സപ്ലിമെന്ററി (2007 അഡ്മിഷൻ മുതൽ) പരീക്ഷകൾ സെപ്റ്റംബർ 30 മുതൽ ആരംഭിക്കും. പിഴയില്ലാതെ സെപ്റ്റംബർ 17 വരെയും 500 രൂപ പിഴയോടെ 18 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1621/2019)

## പരീക്ഷഫലം

2019 ജൂലൈയിൽ സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1621/2019)

2019 ജനുവരിയിൽ നടന്ന ഒന്നാം വർഷ ബി.എസ്‌സി. നഴ്‌സിങ് (പുതിയ സ്‌കീം/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1621/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1621/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 സെപ്റ്റംബർ 2

# വാർത്താക്കുറിപ്പ് (Repeated News)

## അഞ്ചുജില്ലകളിൽ അന്തരീക്ഷത്തിലെ അപകടകാരിയായ പൊടിപടലങ്ങളുടെ തോത് പരിധിക്ക് പുറത്ത്

**- പഠനം നടത്തിയത് എം.ജി. സർവകലാശാല സ്‌കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്**

**- നൈട്രജൻ ഓക്‌സൈഡ്, സൾഫർ ഡൈ ഓക്‌സൈഡുകളുടെ തോത് പരിധിക്കുള്ളിൽ**

**- കൂടുതൽ എറണാകുളത്ത്**

കോട്ടയം, എറണാകുളം, കണ്ണൂർ, പാലക്കാട്, വയനാട് എന്നിവിടങ്ങളിൽ അന്തരീക്ഷ മലിനീകരണമുണ്ടാക്കുന്ന പൊടിപടലങ്ങൾ കൂടുതലെന്ന് പഠനം. അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന 2.5 മൈക്രോമീറ്ററിന് താഴെയുള്ള അപകടകാരികളായ കണികാ പദാർഥങ്ങളുടെ അളവ് നിശ്ചിത വാർഷിക പരിധിക്ക് മുകളിലാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് നടത്തിയ പഠനം വ്യക്തമാക്കുന്നു.

ഒരു ക്യൂബിക് മീറ്റർ വായുവിലുള്ള 2.5 മൈക്രോണിന് താഴെയുള്ള കണികാപദാർഥങ്ങളുടെ മൈക്രോഗ്രാം അളവിന്റെ നിശ്ചിത വാർഷിക പരിധി രാജ്യത്ത് 40 ആണ്. ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന പരിധി 10 ആണ്. പൊടിപടലങ്ങളുടെ അളവ് ഏറ്റവും കൂടുതൽ കണ്ടെത്തിയത് എറണാകുളം വൈറ്റിലയിലാണ് - 92. കോട്ടയം കെ.കെ. റോഡിൽ ഇത് 80ഉം കണ്ണൂരിൽ 50ഉം പാലക്കാട് കഞ്ചിക്കോട്ട് 60ഉം വയനാട് സുൽത്താൻ ബത്തേരിയിൽ 63ഉം തിരുവനന്തപുരത്ത് 42ഉം ആണ്. കട്ടപ്പന, പത്തനംതിട്ട ജില്ലകളിൽ ഇത് യഥാക്രമം 25, 22 എന്ന നിലയിലാണ്. വാഹനങ്ങളുടെ ആധിക്യവും മാലിന്യം കത്തിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങളുമാണ് പൊടിപടലങ്ങൾ കൂടുതലാകാൻ കാരണം. റോഡുകളിലും മാലിന്യം കത്തിക്കുന്ന തുറസ്സായ സ്ഥലങ്ങൾക്ക് സമീപവും വളരെ ഉയർന്നതോതിൽ പൊടിപടലങ്ങളുണ്ട്. ചിലയിടങ്ങളിൽ ചില സമയങ്ങളിൽ ഡൽഹിയിലെ അന്തരീക്ഷ മലിനീകരണ തോതിനൊപ്പം പൊടിപടലങ്ങളുടെ തോത് ഉയരുന്നുണ്ട്.

ഗ്രാമീണ മേഖലയിൽ മലിനീകരണം കുറവാണെങ്കിലും ചില സ്ഥലങ്ങളിൽ പരിധിയിൽ കൂടുതലാണ്. ഇത് പ്രാദേശികമായി മാലിന്യങ്ങൾ കത്തിക്കുമ്പോൾ സംഭവിക്കുന്നതാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. എന്നാൽ സൾഫർ ഡൈ ഓക്‌സൈഡ്, നൈട്രജൻ ഓക്‌സൈഡ് എന്നിവയുടെ അളവ് മിക്ക ജില്ലകളിലും പരിധിക്കുള്ളിലാണ്. എന്നാൽ കോട്ടയത്ത് കെ.കെ. റോഡിലും എറണാകുളത്ത് വൈറ്റിലയിലും തിരുവനന്തപുരത്ത് പി.എം.ജി.യിലും നടത്തിയ പഠനത്തിൽ നൈട്രജൻ ഓക്‌സൈഡിന്റെ അളവ് നിശ്ചിത പരിധിയായ 40ലും മുകളിലാണ്. എറണാകുളത്ത് ഒരു ക്യൂബിക് മീറ്റർ വായുവിൽ 65 മൈക്രോഗ്രാമാണ് നൈട്രജൻ ഓക്‌സൈഡിന്റെ തോത്. തിരുവനന്തപുരത്ത് 45 ആണ്.

വീടുകൾക്കുള്ളിൽ പൊടിപടലങ്ങൾ മൂലമുള്ള മലിനീകരണം പുറത്തെ അന്തരീക്ഷത്തിലുള്ളതിനേക്കാൾ പതിന്മടങ്ങ് കൂടുതലാണെന്ന് പഠനങ്ങൾക്ക് നേതൃത്വം നൽകിയ പരിസ്ഥിതി ശാസ്ത്രജ്ഞനും സർവകലാശാല പ്രോ വൈസ് ചാൻസലറുമായ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു. വീടിനുള്ളിലെ വായു സഞ്ചാരം കുറയുന്നതും പൊടിപടലങ്ങൾ അടിഞ്ഞുകൂടുന്നതുമാണ് ഇതിന് കാരണം. വീടിനുള്ളിൽ വായു സഞ്ചാരം കൂട്ടുകയും വീട് ശുചിയാക്കാൻ പ്രകൃതിദത്ത ഉല്പന്നങ്ങൾ ഉപയോഗിക്കുകയും വേണമെന്നും മാലിന്യങ്ങൾ കത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. വിവിധ സ്ഥലങ്ങളിൽ വിവിധ സമയങ്ങളിൽ ഒരു

വർഷത്തോളം നിരന്തര നിരീക്ഷണം നടത്തിയാണ് മലിനീകരണ തോത് കണക്കാക്കിയതെന്ന് ഗവേഷകനായ ജോൺ റിച്ചാർഡ് പറഞ്ഞു.

ആഗോളതലത്തിൽ വായു മലിനീകരണമുള്ള ആദ്യ 30 നഗരങ്ങളിൽ 22ഉം ഇന്ത്യയിലാണ്. ജലമലിനീകരണത്തിന്റെ പതിന്മടങ്ങ് വേഗത്തിലാണ് അന്തരീക്ഷ മലിനീകരണം ജനങ്ങളെ ബാധിക്കുന്നത്. ലോകത്താകമാനം 70 ലക്ഷം പേരാണ് വായു മലിനീകരണം മൂലം വർഷംതോറും മരിക്കുന്നത്.

(പി.ആർ.ഒ./39/1612/2019)

# എം.ജി.യുടെ മൊബൈൽ സ്റ്റേഷന്റെ ഫ്ളാഗ് ഓഫ് ഇന്ന് (സെപ്റ്റംബർ 3)

**- ഏതുസ്ഥലത്തേയും വായു മലിനീകരണം അറിയാം**

വായു മലിനീകരണം നിരന്തരം നിരീക്ഷിക്കുന്നതിനുള്ള കേരളത്തിലെ ആദ്യ സഞ്ചരിക്കുന്ന മൊബൈൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ (എം.എ.എ.ക്യു.എം.എസ്.) മഹാത്മാ ഗാന്ധി സർവകലാശാലയിൽ. വിവിധ സ്ഥലങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ് നിരന്തര നിരീക്ഷണത്തിലൂടെ കണ്ടെത്താനും ആരോഗ്യ മുന്നറിയിപ്പുകൾ നൽകാനും സഹായകമായ മൊബൈൽ സംവിധാനമാണ് എം.ജി. സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിന്റെ കീഴിൽ തയ്യാറായത്. അന്തരീക്ഷത്തിലെ രണ്ടുതരത്തിലുള്ള പൊടിപടലങ്ങൾ, കാർബൺ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ്, നൈട്രജൻ ഡയോക്സൈഡ്, സൾഫർ ഡയോക്സൈഡ്, ഓസോൺ എന്നിവയുടെ തോത് നിരീക്ഷിക്കാൻ ഈ സംവിധാനത്തിലൂടെ കഴിയും. മിനിറ്റുകളുടെ വ്യത്യാസത്തിലുണ്ടാകുന്ന വായു മലിനീകരണത്തിലെ ചെറിയ മാറ്റങ്ങൾ പോലും കണ്ടുപിടിക്കാനാകും.

കേരളത്തിൽ നിലവിൽ ആകെ 34 സ്ഥലങ്ങളിലാണ് അന്തരീക്ഷ മലിനീകരണത്തിന്റെ അളവ് നിരീക്ഷിക്കുന്നത്. തുടർച്ചയായി വായു മലിനീകരണ നിരീക്ഷണ സംവിധാനമുള്ളത് തിരുവനന്തപുരത്ത് മാത്രമാണ്. ഇത് സ്ഥിരം സംവിധാനമായതിനാൽ മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിക്കില്ല. ഈ പരിമിതി മറികടക്കുന്നതാണ് എം.ജി.യുടെ എം.എം.എ.ക്യു.എം.എസ്. വിവിധ സ്ഥലങ്ങളിലെ വ്യത്യസ്ത സമയത്തെ മലിനീകരണതോത് മൊബൈൽ സ്റ്റേഷനിലെ അത്യാധുനിക ഉപകരണങ്ങളിലൂടെ കണ്ടെത്താൻ കഴിയും. മലിനീകരണം സംബന്ധിച്ച വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന് നൽകുന്നതുവഴി ഭാവിയിലെ മലിനീകരണ നിയന്ത്രണ നയം ഗുണകരമായി നടപ്പാക്കാൻ സഹായിക്കുന്നു.

വാഹനത്തിന്റെ ഫ്ളാഗ് ഓഫ് സെപ്റ്റംബർ മൂന്നിന് രാവിലെ 9.30ന് സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് അങ്കണത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഡോ. അജിത് ഹരിദാസ്, സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടർ ഡോ. ഇ.വി. രാമസ്വാമി, സജിമോൻ, ഡോ. മഹേഷ് മോഹൻ, ഡോ. കെ.ആർ. ബൈജു, ഡോ. വി.പി. സൈലസ് എന്നിവർ പങ്കെടുക്കും. ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രഭാഷണ പരിപാടിയിൽ പ്രൊഫ. മധുമിക അഗർവാൾ, പ്രൊഫ. അഗർവാൾ, പ്രൊഫ. ഉഷ, ഡോ. അഭിലാഷ് എന്നിവർ വായു മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**വായു മലിനീകരണം നിരന്തരം നിരീക്ഷിക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഒരുക്കിയ കേരളത്തിലെ ആദ്യ സഞ്ചരിക്കുന്ന മൊബൈൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ**

(പി.ആർ.ഒ./39/1613/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ